പുറപ്പെടുവിച്ചു. കോടതിയുടെ യാതൊരുവിധ ഇടപെടലുകളും ആവശ്യമില്ലെന്ന് പറഞ്ഞാണ് അപ്പീൽ തള്ളിയത്. മേൽ വിധിയ്ക്കെതിരെ ഹർജിക്കാരൻ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റിഷൻ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതി 17-1-2000 ത്തിന് ഈ ഹർജിയും തള്ളി.

(ഡി) ഇല്ല.

(ഇ) അഞ്ച് കമ്പനികളെയാണ് ടെന്റർ കമ്മിറ്റി ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

(എഫ്) മോണ്ട് ഗോമറി വാട്ട്സന്റെ യു.കെ.യിലുള്ള ഓഫീസുമായാണ് കേരള വാട്ടർ അതോറിറ്റി കത്തിടപാട് നടത്തുന്നത്.

(ജി) 1997 ഒക്ടോബർ മാസത്തോടെ പദ്ധതിയുടെ കൺസർട്ടന്റിന്റെ നിയമനം പൂർത്തിയാക്കാനായിരുന്നു നിശ്ചയിച്ചിരുന്നത്. രണ്ട് വർഷവും മൂന്നു മാസവും കൺസൾട്ടന്റിന്റെ നിമയനത്തിൽ ഇതുവരെ കാലതാമസമുണ്ടായി.

(എച്ച്) ഒ.ഇ.സി.എഫുമായി കരാർ പ്രകാരം പദ്ധതി നടത്തിപ്പിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൺസൾട്ടന്റിന്റെ നിയമനത്തിനുശേഷം ആരംഭിക്കുന്നതാണ്.

വെള്ളക്കരം വർദ്ധന

20(T923) ശ്രീ. ഇ. എം. അഗസ്തി:
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എപ്പോഴെല്ലാം വെള്ളക്കരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട് ;

(ബി) വെള്ളക്കരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) ഓരോ പ്രാവശ്യവും വെള്ളക്കരം പുതുക്കി നിശ്ചയിക്കുമ്പോൾ അത് ബന്ധപ്പെട്ട ഉപഭോക്താക്കളെ അറിയിക്കാറുണ്ടോ ;

(ഡി) എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 1-4-1999 മുതൽ ഒരു പ്രാവശ്യം.

(ബി) 1-6-1993 മുതൽ ഓരോവർഷവും 15% നിരക്ക് വർദ്ധന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എങ്കിലും 1-6-1994 ൽ മാത്രമേ ഇപ്രകാരം നിരക്ക് വർദ്ധന

T- മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയുള്ളൂ. ജലവിതരണത്തിന് വാട്ടർ അതോറിറ്റിക്ക് കിലോ ലിറ്ററിന് 6.50 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ 1-6-1994 ലെ നിരക്ക് അനുസരിച്ച് 2.50 രൂപ മാത്രമേ ഉപഭോക്തക്കളിൽ നിന്നും കിട്ടുന്നുള്ളൂ. നോൺപ്ലാൻ ഗ്രാന്റ്, വാട്ടർചാർജിനത്തിൽ കിട്ടുന്ന വരുമാനം എന്നിവ കണക്കിലെടുത്താൽ തന്നെയും പ്രതിവർഷം 25 കോടിയിലധികം രൂപ പദ്ധതി വിഹിതത്തിൽ നിന്നും വകമാറ്റി പദ്ധതിയേതര കാര്യങ്ങൾക്ക് ചെലവഴിക്കേണ്ടി വരുന്നു. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്താണ് 1-4-999 മുതൽ നിരക്ക് വർദ്ധന ഏർപ്പെടുത്തിയത്.

(സി) ഉണ്ട്.

(ഡി) വെള്ളക്കരം പുതുക്കി നിശ്ചയിക്കുന്ന വിവരം ബന്ധപ്പെട്ട വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസുകളിൽ പരസ്യപ്പെടുത്താറുണ്ട്. അതിനുപുറമേ ഉപഭോക്താക്കൾക്ക് നൽകുന്ന താൽക്കാലിക ഇൻവോയ്സ് കാർഡിൽ നിരക്ക് വ്യത്യാസം രേഖപ്പെടുത്തി നൽകാറുമുണ്ട്. വിവിധ വാർത്താ മാദ്ധ്യമങ്ങളിലൂടെയും നിരക്ക് വർദ്ധന ഉപഭോക്താക്കളെ അറിയിക്കാറുണ്ട്.

കടൽഭിത്തി നിർമ്മാണം

21(924) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കിലോ മീറ്റർ ദൂരം കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; ഇതിനുവേണ്ടി എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) നിലവിലുള്ള കടൽഭിത്തികളുടെ പുനഃനിർമ്മാണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കടലാക്രമണം തടയുന്നതിനായി ഇതുവരെ എത്ര കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട് ; ഇനി എത്ര കിലോമീറ്റർ കടൽഭിത്തികൂടി ആവശ്യമാണ് ; ഇതിനായി എന്ത് തുക വേണ്ടിവരും ;

(ഇ) ഈ തുക എങ്ങനെ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 16.18 കിലോമീറ്റർ.

(ബി) തിരുവനന്തപുരം ജില്ലയിൽ കൊല്ലംകോട് മുതൽ പൂവാർ വരെയും, കൊല്ലം ജില്ലയിൽ പരവൂരിലും, ആലപ്പുഴ ജില്ലയിൽ വണ്ടാനത്തും തൃശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ, ചാവക്കാട്, പെരിങ്ങ്ചുനം, വാടാനപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly